പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3859. 27.06. 2012-ൽ മറുപടിയ്ക്ക്

## മാനസിക രോഗാശുപത്രികളിലെ സുരക്ഷാ സംവിധാനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ മാനസികരോഗാശുപത്രികളിലെ സുരക്ഷാ സംവിധാനങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്തെ നിലവിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ഇപ്പോൾത്തന്നെ സുശക്തമായ സുരക്ഷാ സംവിധാനം നിലവിലുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി ക്യാമറകളും ക്ലോസ്ഡ് - സർക്യൂട്ട് ടി.വി.കളും ആശുപത്രികളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | മാനസികാരോഗ്യ കേന്ദ്രങ്ങളിലെ വാർഡുകളിലെ രോഗികളുടെയും ജീവനക്കാരുടെയും പ്രവർത്തനങ്ങളും പെരുമാറ്റങ്ങളും നിരീക്ഷിക്കുന്നതിനുവേണ്ടി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ക്ലോസ്ഡ് - സർക്യൂട്ട് ടി.വി. സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇത് സ്ഥാപിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | ആശുപത്രിക്കകത്ത് രോഗികളോടുള്ള ജീവനക്കാരുടെ പെരുമാറ്റവും രോഗികളുടെ രോഗാവസ്ഥയിലുള്ള സ്വഭാവങ്ങളും നിരീക്ഷിക്കുന്നതിനുവേണ്ടിയാണ് ഇത് സ്ഥാപിക്കാൻ തീരുമാനിച്ചത്. രോഗികളുടെ ചികിത്സാ രീതിയിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുവാൻ ഇത് സഹായകരമാണ്. |

സെക്ഷൻ ഓഫീസർ